സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. മാഘവൻ):

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ തുറമുഖങ്ങളുടെ വികസനത്തിന് വേണ്ടി നടത്തിയ പഠന ചെലവിന്റെ ഒരു വിഹിതം കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി തന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

2002-2003 .. 4,73,760 രൂപ (അഴീക്കൽ തുറമുഖം)

2003-2004 .. 8,84,298 രൂപ (വിഴിഞ്ഞം, ആലപ്പുഴ തുറമുഖങ്ങൾ)

(ബി) അഴീക്കൽ, വിഴിഞ്ഞം, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി രൂപരേഖ തയ്യാറാക്കുന്നതിന് വേണ്ടി ചെലവായ തുകയുടെ വിഹിതമാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചത്.

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ചെറികിട-ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിൽ തുകയൊന്നും നീക്കി വച്ചിട്ടുള്ളതായി അറിവില്ല.

കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

*8 [449] ശ്രീ. പി. സി. ജോർജ്:

,, വി. ചെന്താമരാക്ഷൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ബസ്സുകളുടെ യന്ത്രഭാഗങ്ങൾ, ടയറുകൾ, ബാറ്ററികൾ മുതലായവ യഥാസമയം എത്തിച്ചുകൊടുക്കാൻ കഴിയാത്തതിനാൽ ബസ്സ് സർവ്വീസ് കൃത്യമായി നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) കുത്തക റൂട്ടുകളിൽ യാത്രക്കാർക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്താൻ കെ. എസ്. ആർ. ടി. സി.-ക്ക് ഇപ്പോൾ കഴിയുന്നുണ്ടോ;

(ഇ) പഴയ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകളും പുതിയ റൂട്ടുകളും ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. വർദ്ധിച്ചുവരുന്ന ചെലവ് അനുസരിച്ച് വരുമാന വർദ്ധന ഉണ്ടാകുന്നില്ല. സ്പെയർ പാർട്സ്, ഇന്ധനം എന്നിവയുടെ വില വർദ്ധന, പെൻഷനാനുകൂല്യങ്ങൾ നൽകുന്നതിനുള്ള വർദ്ധന, മൂലധന നിക്ഷേപത്തിന് സർക്കാർ സഹായം നൽകാത്തതുകൊണ്ട് എടുക്കേണ്ടിവരുന്ന കടം എന്നിവ പ്രതിസന്ധിക്കുള്ള മുഖ്യകാരണങ്ങളിൽ ചിലതാണ്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകാറില്ല.

(ഡി) കഴിയുന്നുണ്ട്.

(ഇ) പഴയബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ കാലാകാലങ്ങളിൽ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നുണ്ട്. വരുമാന സാധ്യതയുള്ള പുതിയ റൂട്ടുകൾ കണ്ടെത്താനുള്ള നടപടികൾ എടുത്തുവരുന്നു.

വ്യവസായശാലകളും സാങ്കേതിക കോളേജുകളും തമ്മിലുള്ള കരാർ

*9 [450] ശ്രീ. വർക്കല കഹാർ:

,, എൻ. ഡി. അപ്പച്ചൻ:

,, വി. ഡി. സതീശൻ:

,, കെ. ബാബു:

,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വ്യവസായശാലകളും ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നതോ സാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുന്നതോ ആയ കോളേജുകളും തമ്മിൽ വ്യവസായശാലകൾക്കുവേണ്ടി ഗവേഷണം നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും കരാറുകൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) വ്യവസായങ്ങൾക്ക് പ്രയോജനപ്രദമായ സംഭാവന നൽകുന്ന വിധത്തിലുള്ള ഗവേഷണം നടത്തണമെന്ന് വ്യവസായശാലകൾ കോളേജുകളോട് ആവശ്യപ്പെടാറുണ്ടോ;

(സി) സംസ്ഥാനത്തുള്ള വ്യവസായശാലകൾ നമ്മുടെ ശാസ്ത്ര കോളേജുകളിൽ നിന്നോ, സാങ്കേതിക കോളേജുകളിൽ നിന്നോ കാമ്പസ് റിക്രൂട്ട്മെന്റ് നടത്താറുണ്ടോ;

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഉൽപ്പാദനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ശാസ്ത്ര സാങ്കേതിക ശാസ്ത്ര കോളേജുകളിൽ നിന്നും ഗവേഷണ തൽപ്പരരെ നിയമിക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly